## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 891** **11-02-2025 - ൽ മറുപടിയ്ക്ക്**

## പട്ടികജാതി വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വിഭാഗത്തിന് സർക്കാർ ധനസഹായങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനായി നിലവിലുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കിയത് വഴി പട്ടികജാതി വിഭാഗത്തിന് സർക്കാർ ധനസഹായങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനു സാധിക്കുന്നു. ഇ-ഓഫീസ് സംവിധാനത്തിലൂടെ ഫയൽ നീക്കം ത്വരിതപ്പെടുത്തുക വഴി പദ്ധതി നിർവഹണം സമയബന്ധിതവും കാര്യക്ഷമവും ആക്കുന്നതിനു കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ സംസ്ഥാന, ജില്ലാതല ഓഫീസുകളിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിലും നടപ്പിലാക്കുന്നതോടെ പദ്ധതി നിർവഹണം കൂടുതൽ ഫലപ്രദമാകുന്നതാണ്. കൂടാതെ വകുപ്പിന്റെ വികസന ക്ഷേമ പദ്ധതികൾ ഓൺലൈൻ ആക്കി നടപ്പിലാക്കുന്നതിന്റെ ഭാഗമായി C-Dit ന്റെ സഹായത്തോടെ ഉന്നതി പോർട്ടൽ സജ്ജമാക്കുന്നു. ഇതുവഴി അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കുന്നതിനും ഫയൽ നീക്കം സംബന്ധിച്ച തൽസ്ഥിതി റിപ്പോർട്ട് അപേക്ഷകർക്ക് ഓൺലൈൻ ആയി ലഭ്യമാക്കുന്നതിനും സാധിക്കുന്നതാണ്. |
| (ബി) | നിലവിൽ പട്ടികജാതി വികസന ഓഫീസർമാരുടെ തസ്തികകൾ ഇല്ലാത്ത ബ്ലോക്കുകളും മുൻസിപ്പാലിറ്റികളും ഏതെല്ലാമാണെന്ന് അറിയിക്കാമോ; അവിടങ്ങളിൽ പട്ടികജാതി വികസന ഓഫീസർ തസ്തിക സൃഷ്ടിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | അനുബന്ധമായി ചേർക്കുന്നു |
| (സി) | പത്താം ക്ലാസിനു മുകളിലുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഗ്രാന്റ് കുടിശ്ശിക ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (സി) | അപ്രൂവൽ ലഭിച്ച പട്ടികജാതി വിദ്യാർഥികളുടെ ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ 2024 -25 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ലഭ്യമായ 223 കോടി രൂപയും, അധിക തുക |

| | | | |
|---|---|---|---|
| | | | വകയിരുത്തിയത് മുഖേന ലഭിച്ച 110 കോടി രൂപയും ഉൾപ്പടെ 333 കോടി രൂപ പൂർണമായും വിനിയോഗിച്ച് കൊണ്ട് കുടിശിക വിതരണം ചെയ്തിട്ടുണ്ട്. 2024-25 അധ്യയന വർഷത്തെ അപ്രൂവൽ ലഭിച്ച സ്കോളർഷിപ്പ് ക്ലെയിമുകൾ ലഭ്യമായ തുക ഉപയോഗിച്ച് വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ക്ലെയിമുകളിലെ തുക വിതരണം പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും അധിക തുക വകയിരുത്തി നൽകുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | വിവാഹ ധനസഹായ കുടിശ്ശിക അനുവദിക്കുന്ന കാര്യത്തിൽ ഉണ്ടാകുന്ന കാലതാമസം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (ഡി) | വിവാഹ ധനസഹായ പദ്ധതിയിലെ കുടിശ്ശിക അപേക്ഷകൾ തദ്ദേശീയ സ്വയംഭരണ വകുപ്പിലെ പട്ടികജാതിക്കാർക്കുള്ള പ്രത്യേക ഘടക പദ്ധതയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിന് പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. |
| (ഇ) | എസ്.സി. പ്രൊമോട്ടർമാരുടെ നിലവിലുള്ള ഓണറേറിയം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഇ) | ഓണറേറിയം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (എഫ്) | മിശ്ര വിവാഹ ധനസഹായത്തിന്റെ ആനുകൂല്യ തുക വർധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ എത്ര രൂപയായി ഉയർത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (എഫ്) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| ക്രമനം | ജില്ല | മുനിസിപ്പാലിറ്റി |
|---|---|---|
| 1 | കൊല്ലം | കൊട്ടാരക്കര |
| 2 | | പരവൂർ സൗത്ത് |
| 3 | | കരുനാഗപ്പള്ളി |
| 4 | | പുനലൂർ |
| 5 | പത്തനംതിട്ട | അടൂർ |
| 6 | | പത്തനംതിട്ട |
| 7 | | പന്തളം |
| 8 | ആലപ്പുഴ | ആലപ്പുഴ |
| 9 | | ചേർത്തല |
| 10 | | ചെങ്ങന്നൂർ |
| 11 | | മാവേലിക്കര |
| 12 | | ഹരിപ്പാട് |
| 13 | | കായംകുളം |
| 14 | കോട്ടയം | പാല |
| 15 | | ഏറ്റുമാന്നൂർ |
| 16 | | ഈരാറ്റുപേട്ട |
| 17 | | ചങ്ങനാശ്ശേരി |
| 18 | | വൈക്കം |
| 19 | ഇടുക്കി | തൊടുപുഴ |
| 20 | | കട്ടപ്പന |
| | | |

| | | |
|---|---|---|
| 21 | എറണാകുളം | കോതമംഗലം |
| 22 | | അങ്കമാലി |
| 23 | | മൂവാറ്റുപുഴ |
| 24 | | നോർത്ത് പറവൂർ |
| 25 | | പെരുമ്പാവൂർ |
| 26 | | പിറവം |
| 27 | | ആലുവ |
| 28 | | മരട് |
| 29 | | ഏലൂർ |
| 30 | | കൂത്താട്ടുകുളം |
| 31 | തൃശ്ശൂർ | വടക്കാഞ്ചേരി |
| 32 | | ചാലക്കുടി |
| 33 | | ചാവക്കാട് |
| 34 | പാലക്കാട് | പട്ടാമ്പി |
| 35 | | ഒറ്റപ്പാലം |
| 36 | | ചെർപ്പുളശ്ശേരി |
| 37 | | മണ്ണാർക്കാട് |
| 38 | | ചിറ്റൂർ |
| 39 | മലപ്പുറം | തിരൂർ |
| 40 | | കോട്ടക്കൽ |
| 41 | | നിലമ്പൂർ |
| 42 | | പെരിന്തൽമണ്ണ |
| 43 | | മലപ്പുറം |
| 44 | | കൊണ്ടോട്ടി |
| 45 | | താനൂർ |
| 46 | | പരപ്പനങ്ങാടി |
| 47 | | വളാഞ്ചേരി |
| 48 | | തിരൂരങ്ങാടി |
| 49 | കോഴിക്കോട് | ഫറോക്ക് |
| 50 | | പയ്യോളി |
| 51 | | മുക്കം |
| 52 | | രാമനാട്ടുകര |
| 53 | | കൊടുവള്ളി |
| 54 | | വടകര |
| 55 | വയനാട് | കൽപ്പറ്റ |
| 56 | | മാനന്തവാടി |
| 57 | | സുൽത്താൻബത്തേരി |
| 58 | കണ്ണൂർ | തലശ്ശേരി |
| 59 | | പയ്യന്നൂർ |
| 60 | | കൂത്ത്പറമ്പ് |
| 61 | | മട്ടന്നൂർ |
| 62 | | തളിപ്പറമ്പ് |
| | | |

| | | |
|---|---|---|
| 63 | | ഇരിട്ടി |
| 64 | | പാനൂർ |
| 65 | | ശ്രീകണ്ഠപുരം |
| 66 | | ആന്തൂർ |
| 67 | **കാസറഗോഡ്** | കാഞ്ഞങ്ങാട് |
| 68 | | കാസർഗോഡ് |
| 69 | | നീലേശ്വരം |

**ബ്ലോക്ക്**

| ക്രമനം | **ജില്ല** | ബ്ലോക്ക് |
|---|---|---|
| 1 | കോഴിക്കോട് | വടകര |
| 2 | | തൂണേരി |
| 3 | കണ്ണൂർ | തലശ്ശേരി |
| 4 | | കൂത്തുപറമ്പ് |
| 5 | | ഇരിട്ടി |
| 6 | | പേരാവൂർ |